പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1161** **03/12/2015 ൽ മറുപടിയ്ക്ക്**

## പാഠപുസ്തക വിതരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കൊടിയേരി ബാലകൃഷ്ണൻ | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) നടപ്പ് അദ്ധ്യയന വർഷത്തിൽ അർദ്ധവാർഷിക പരീക്ഷ അടുത്തിട്ടും സ്കൂളുകളിൽ പാഠപുസ്തകമെത്തിയില്ല എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ;<br>ബി) എങ്കിൽ ഏതെല്ലാം ക്ലാസുകളിലേക്കുള്ള എത്ര പുസ്തകങ്ങൾ വിതരണം ചെയ്യേണ്ടതെന്നും എത്ര പുസ്തകം വിതരണം ചെയ്യാനുണ്ടെന്നും വിശദമാക്കുമോ; | (എ) & (ബി) | 2015-16 അദ്ധ്യയന വർഷത്തെ 1-10വരെ ക്ലാസുകളിലേക്ക് സ്കൂൾ അധികൃതർ സമർപ്പിച്ച ഇൻഡന്റ് പ്രകാരമുള്ള എല്ലാ പാഠപുസ്തകങ്ങളും വിതരണം ചെയ്തിട്ടുണ്ട്. ഏതെങ്കിലും കുട്ടികൾക്ക് പുസ്തകം ലഭ്യമായിട്ടില്ലെങ്കിൽ അതിനുള്ള ഇൻഡന്റ് 07/12/2015 നകം നൽകാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് അവർക്കും പുസ്തകം വിതരണം ചെയ്യുന്നതുമാണ്. ഇൻഡന്റ് ചെയ്തതിൻ പ്രകാരം പാഠപുസ്തകങ്ങൾ വിതരണം നടത്തിയതായി കെ.ബി.പി.എസ് അറിയിച്ചിട്ടുണ്ട്. |
| സി) പാഠപുസ്തക വിതരണത്തിൽ വന്ന കാലതാമസത്തിന്റെ ഉത്തരവാദിത്തം ആർക്കാണ്; അവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ? | (സി) | ഇൻഡന്റ് നൽകുന്നതിൽ വീഴ്ച വരുത്തിയ സ്കൂൾ അധികൃതരോട് വിശദീകരണം ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |
| ഡി) ഏതൊക്കെ പ്രസ്സുകളിൽ നിന്ന് എത്ര തുകയ്ക്കാണ് പാഠപുസ്തകം അച്ചടിച്ചതെന്ന് വിശദമാക്കാമോ? | ഡി) | കെ.ബി.പി.എസ്സിൽ സർക്കാർ അനുവദിച്ചിട്ടുള്ള നിരക്കിൽ 2,11,67,100 വോളിയം 1 പുസ്തകങ്ങൾ അച്ചടിച്ചിട്ടുണ്ട്. ഈ വകയിൽ പ്രിന്റിംഗ് ചാർജിനത്തിൽ 5,99,04,055/- രൂപ കണക്കാക്കാം. വോളിയം 2 പാഠപുസ്തകങ്ങൾ പൂർണ്ണമായും കെ.ബി.പി.എസ്സിലാണ് അച്ചടിച്ചത്. 2015-16 അദ്ധ്യനവർഷത്തെ ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടി മെസ്സേഴ്സ് മണിപ്പാൽ ടെക്നോളജീസിനും, മെസ്സേഴ്സ് വള്ളി ഓഫ്സെറ്റ് പ്രിന്റേഴ്സിനുമാണ് നൽകിയിട്ടുള്ളത്.<br><br>മെസ്സേഴ്സ് മണിപ്പാൽ ടെക്നോളജീസ്- പ്ലസ് 1 37375940/-<br><br>മെസ്സേഴ്സ് മണിപ്പാൽ ടെക്നോളജീസ്- പ്ലസ്2 - 114368251/- |

മെസ്സേഴ്സ് ലവ്‌ലി ഓഫ്സെറ്റ് പ്രിന്റേഴ്സ്-പ്ലസ്1 - 16390893/-

മെസ്സേഴ്സ് ലവ്‌ലി ഓഫ്സെറ്റ് പ്രിന്റേഴ്സ്-പ്ലസ്2 -
2 4101167/-

പ്രസ്തുത തുകയ്ക്കാണ് അച്ചടിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ